## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2559** **06.12.2018 ൽ മറുപടിയ്ക്ക്**

## സോളാർ എനർജി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><th colspan="2">ശ്രീ. ബി. സത്യൻ</th><th colspan="2">ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>സ്ഥാപനങ്ങളും, വീടുകളും ഉൽപ്പാദിപ്പിക്കുന്ന സോളാർ എനർജി ഉപയോഗിക്കാൻ വൈദ്യുതി വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; നിലവിൽ പ്രതിവർഷം എത്ര യൂണിറ്റ് വൈദ്യുതി ഇത്തരത്തിൽ വാങ്ങുന്നുണ്ട്, വിശദമാക്കുമോ;</td><td>(എ)</td><td>കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള ഒരു പദ്ധതി 'സൗര' പദ്ധതിയുടെ ഭാഗമായി ആസൂത്രണം ചെയ്തുവരുന്നു. ഗാർഹിക, കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ 150 മെഗാവാട്ട്, സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ 100 മെഗാവാട്ട്, മറ്റു സ്ഥാപനങ്ങളുടെ പുരപ്പുറങ്ങളിൽ 250 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ ഈ പദ്ധതിയിലൂടെ നിർമ്മിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>നിലവിൽ കേരളത്തിൽ സ്ഥാപിച്ചിട്ടുള്ള ഗ്രിഡ് ബന്ധിത സോളാർ നിലയങ്ങൾ വഴി ഇതുവരെയായി <u>138,635,727</u> യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിച്ചിട്ടുണ്ട്.<br><br>ഇതിൽ ഉപഭോക്താക്കളുടെ ഉപഭോഗത്തിന് ശേഷം ബാക്കിവരുന്ന വൈദ്യുതി 2017, 2018 വർഷങ്ങളിലായി കെ.എസ്.ഇ.ബി.എൽ. വാങ്ങിയതിന്റെ വിവരം ചുവടെ ചേർത്തിരിക്കുന്നു.<br><br><table><tr><th>വർഷം</th><th>Banked energy (യൂണിറ്റ്)</th><th>Amount Refunded to consumers ₹</th></tr><tr><td>2017 (₹3.26/യൂണിറ്റ് നിരക്കിൽ)</td><td>3,97,956.46</td><td>12,97,336/-</td></tr><tr><td>2018 (₹3.26/യൂണിറ്റ് നിരക്കിൽ)</td><td>19,84,750.37</td><td>64,70,306/-</td></tr></table></td></tr>
</table>

| | | | |
|---|---|---|---|
| (ബി) | സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാൻ വൈദ്യുത വകുപ്പിന്റെ അനുവാദം ആവശ്യമുണ്ടോ; വിശദമാക്കുമോ? | (ബി) | ഗ്രിഡിലേക്ക് കണക്ട് ചെയ്യാത്ത മാതൃകയിൽ (ഓഫ് ഗ്രിഡ്) സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാൻ വൈദ്യുത വകുപ്പിന്റെ അനുവാദം ആവശ്യമില്ല.<br><br>എന്നാൽ ഓൺഗ്രിഡ് സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനു മുമ്പായി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കേറ്റ് വാങ്ങേണ്ടതാണ്.<br><br>10 കിലോവാട്ട് മുതലുള്ള എല്ലാ സൗരോർജ്ജ പ്രതിഷ്ഠാപനങ്ങളും സ്ഥാപിക്കുന്നതിനായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ അനുമതി ആവശ്യമാണ്. |

**സെക്ഷൻ ഓഫീസർ**